"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - ചേർത്തല ഭാഗ്യക്കുറി സബ് ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനായി ബി.എസ്.എൻ.എൽ-ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് എടുക്കുന്നതിനും മൂന്ന് വർഷത്തിലൊരിക്കൽ 15% വാടക വർദ്ധനവ് വരുത്തുന്നതിനുമുള്ള അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.1089/2025/TAXES തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:-

1. ബി.എസ്.എൻ.എൽ. സീനിയർ ജനറൽ മാനേജർ (L &B)-യുടെ 02/02/2024-ലെ KRLCO-14/14(11)/3/2022-CIVIL നമ്പർ കത്ത്
2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 27/04/2024, 08/10/2024, 05/02/2025, 12/02/2025, 26/05/2025 എന്നീ തീയതികളിലെ SLTY/4071/2023-MOD INFRA1 SL നമ്പർ കത്ത്
3. 03/05/2025-ലെ TAXES-H1/136/2024-TAXES നമ്പർ സർക്കാർ കത്ത്
4. അക്കൗണ്ടന്റ് ജനറലിന്റെ 22.07.2025 ലെ FAU/II/GO/2025-26/Lottery/48 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന് കീഴിലുള്ള ചേർത്തല ഭാഗ്യക്കുറി സബ് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽനിന്നും അനുയോജ്യമായ മറ്റൊരു കെട്ടിടത്തിലേയ്ക്ക് പ്രവർത്തനം മാറ്റുന്നതിന് അനുമതി തേടി പരാമർശം (2)-ലെ 27/04/2024, 08/10/2024 തീയതി കത്തുകൾ പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിരുന്നു. അത്യന്തം പരിതാപകരവും ശോചനീയവുമായ സാഹചര്യത്തിൽ പ്രവർത്തിക്കുന്ന ചേർത്തല ഭാഗ്യക്കുറി സബ് ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള BSNL-ന്റെ ഉടമസ്ഥതയിലുള്ള 2,127 സ്ക്വ.ഫീറ്റ് കെട്ടിടം പ്രതിമാസം GST ഉൾപ്പടെ ₹57,727/- നിരക്കിൽ വാടകയ്ക്ക് എടുക്കുന്നതിനും, ഓരോ വർഷവും 5% വാടക വർദ്ധനവ് വരുത്തുന്നതിനുമുള്ള ഭരണാനുമതി നല്കണമെന്നാണ് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നത്.

2. തുടർന്ന് ചേർത്തല ഭാഗ്യക്കുറി സബ് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്നതിന് 1500 ചതുരശ്ര അടി അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ സമാനമായ സ്ഥലവിസ്തൃതിയുള്ള മറ്റൊരു കെട്ടിടം കണ്ടെത്താൻ പരാമർശം (3)

പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് നിർദ്ദേശം നല്കിയിരുന്നു.

**3.** ഇതിന് മറുപടിയായി പരാമർശം (2)-ലെ **26/05/2025** തീയതി കത്ത് പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ലഭ്യമാക്കിയ മറുപടിയിൽ സ്ഥലവിസ്തൃതി അധികമുള്ള കെട്ടിടം വാടകയ്ക്ക് എടുക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ചുവടെപ്പറയുന്ന വിശദാംങ്ങൾ വിവരിച്ചിരുന്നു:-

(i) ആലപ്പുഴ ജില്ലാ ഭാഗ്യക്കുറി ഓഫീസിലെ **2017-2022** കാലയളവിലെ അക്കൗണ്ടന്റ് ജനറലിൻ്റെ ലോക്കൽ ഓഡിറ്റ് റിപ്പോർട്ടിലെ **PART II B PARA 11**-ൽ ചേർത്തല സബ് ഭാഗ്യക്കുറി ഓഫീസിലെ അടിസ്ഥാന സൗകര്യത്തിലെ അപര്യാപ്തത രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഓഫീസിലെത്തുന്ന ഭാഗ്യക്കുറി ഏജൻ്റുമാർ ടോയ്‌ലെറ്റിന് മുന്നിൽ കൂട്ടംകൂടി നിൽക്കുന്നത് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടെന്നും, ആവർത്തിച്ചു പറഞ്ഞാലും അവർ അനുസരിക്കാറില്ലെന്നും അത്യാവശ്യ സന്ദർഭങ്ങളിൽപ്പോലും ടോയ്‌ലെറ്റ് ഉപയോഗിക്കുവാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളതെന്നും, ഇത് പലവിധത്തിലുള്ള ശാരീരിക-മാനസിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ടെന്നും ഇത് കാരണം ഓഫീസിൽ ജോലിയ്ക്ക് വരാൻ പറ്റാത്ത സ്ഥിതിയാണ് ഉള്ളതെന്നും ആയതിനാൽ ഓഫീസ് സ്ത്രീ സൗഹൃദമാക്കണമെന്നും ചേർത്തല ഓഫീസിലെ വനിതാ ജീവനക്കാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ii) മറ്റ് സർക്കാർ വകുപ്പുകളുടെ പ്രവർത്തന സ്വഭാവമല്ല ഭാഗ്യക്കുറി വകുപ്പിനുള്ളത്. പ്രതിദിനം ഓരോ ഭാഗ്യക്കുറിയുടെയും ഒരു കോടി എട്ട് ലക്ഷം ടിക്കറ്റുകളാണ് ഭാഗ്യക്കുറി ഓഫീസുകൾ വഴി വിറ്റഴിക്കപ്പെടുന്നത്. ഈ ടിക്കറ്റുകളെല്ലാം സുരക്ഷിതമായി സൂക്ഷിക്കാൻ വേണ്ട സ്ഥലം ഓരോ ഭാഗ്യക്കുറി ഓഫീസിനും ആവശ്യമുണ്ട്. ഇത്തരത്തിൽ ഓഫീസിലും അനുവദിക്കപ്പെട്ടിട്ടുള്ള 7 ദിവസങ്ങളിലെ പ്രതിവാര ടിക്കറ്റുകളും ബംബർ ടിക്കറ്റുകളും സൂക്ഷിക്കപ്പെടേണ്ടതായിട്ടുണ്ട്. ഹർത്താൽ, മഴ, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയവമൂലം വിൽക്കപ്പെടാതെ അവശേഷിക്കുന്ന ടിക്കറ്റുകൾ **GST verification** പൂർത്തിയാകുന്ന കാലയളവ് വരെയും, ഓരോ ദിവസവും പാസ്സാക്കപ്പെടുന്ന ലക്ഷക്കണക്കിന് രൂപയുടെ സമ്മാന വൗച്ചറുകൾ ഇൻ്റേണൽ ആഡിറ്റ്, **AG** ആഡിറ്റ് എന്നിവ പൂർത്തിയാക്കുന്ന കാലയളവുവരെയും ഓഫീസുകളിൽ സൂക്ഷിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത ആവശ്യങ്ങൾക്കായി സാധാരണ സർക്കാർ ഓഫീസുകൾക്ക് അനുവദനീയമായ വിസ്തീർണത്തേക്കാളും അധികസ്ഥലം ഭാഗ്യക്കുറി ഓഫീസുകൾക്ക് ആവശ്യമായിട്ടുണ്ട്.

(iii) കൂടാതെ, ടിക്കറ്റെടുക്കാനായി ഓരോ ദിവസവും ഓഫീസിൽ എത്തുന്ന ഏജന്റുമാർ, സമ്മാനാർഹമായ ടിക്കറ്റുകളുടെ സമ്മാനം കൈപ്പറ്റാനായി എത്തുന്ന പൊതുജനങ്ങൾ, പുതിയ ഏജൻസി എടുക്കാനായി എത്തുന്നവർ ഇങ്ങനെ നിരവധി ആളുകൾ ഓരോ ദിവസവും ഓരോ ഭാഗ്യക്കുറി ഓഫീസിലും എത്തുന്നുണ്ട്. ഇവരെ ഉൾക്കൊള്ളുന്നതിനുള്ള സ്ഥല സൗകര്യവും അടിസ്ഥാനപരമായി ഓരോ ഭാഗ്യക്കുറി ഓഫീസിലും അനുവദിക്കേണ്ടതുണ്ട്.

ഭാഗ്യക്കുറി ഓഫീസുകളിലെ സ്ഥിരം ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായി ദിവസവേതന ജീവനക്കാരും ജോലിചെയ്തു വരുന്നുണ്ട്. ഇക്കാര്യങ്ങൾ കൂടെ പരിഗണിച്ചു മാത്രമേ ഭാഗ്യക്കുറി ഓഫീസുകളുടെ സ്ഥല സൗകര്യം നിശ്ചയിക്കാനാവൂ. നിലവിൽ സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് പ്രതിവാര ഭാഗ്യക്കുറികൾ അച്ചടിക്കാവുന്നതിൻ്റെ പരമാവധി ടിക്കറ്റുകൾ അച്ചടിക്കുകയും വിറ്റഴിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ബമ്പർ ഭാഗ്യക്കുറികളുടെ വിൽപ്പനയും മുൻപില്ലാത്ത വിധം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. അതിനാൽത്തന്നെ ഭാഗ്യക്കുറി ഓഫീസുകളിൽ എത്തുന്ന പൊതുജനങ്ങളുടെ എണ്ണം മുമ്പെങ്ങുമില്ലാത്ത വിധം വർദ്ധിച്ചിട്ടുണ്ട്. ഈ വസ്തുതകൾ കൂടി കണക്കിലെടുത്ത് മാത്രമേ ഭാഗ്യക്കുറി വകുപ്പിൻ്റെ ഓഫീസുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ വിസ്തീർണ്ണം നിശ്ചയിക്കാനാകൂ. 2016-ൽ ചേർത്തല ഭാഗ്യക്കുറി സബ് ഓഫീസ് പ്രവർത്തനം ആരംഭിക്കുന്ന സമയത്ത് ഏകദേശം എൺപതോളം ഏജൻ്റുമാർ ദിവസേന ടിക്കറ്റ് എടുക്കുന്നതിനായി എത്തിക്കൊണ്ടിരുന്ന സ്ഥാനത്ത് നിലവിൽ ഏകദേശം ഇരുന്നൂറോളം ഏജന്റുമാരാണ് ഓഫീസിൽ എത്തുന്നത്.

(iv) പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാനഘടന പരിഷ്കരിച്ചിട്ടുള്ള സാഹചര്യത്തിൽ ഭാഗ്യക്കുറി ഓഫീസുകളുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് ജില്ലാ/സബ് ഭാഗ്യക്കുറി ഓഫീസുകളിലേക്ക് താല്ക്കാലികാടിസ്ഥാനത്തിൽ അനുവദിച്ച 82 ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികകളിൽ ഒരെണ്ണം ചേർത്തല ഭാഗ്യക്കുറി സബ് ഓഫീസിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിൽ നടപ്പിലാക്കിയ തസ്തിക പുനർവിന്യാസം പ്രകാരം ആലപ്പുഴ ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ നിന്നും ഒരു സ്ഥിരം ക്ലാർക്കിനെ ചേർത്തല ഭാഗ്യക്കുറി സബ് ഓഫീസിന് അനുവദിച്ചിട്ടുണ്ട്. ഈ അധിക ജീവനക്കാരെക്കൂടി കണക്കിലെടുത്തു വേണം ടി ഓഫീസിന് അനുവദിക്കുന്ന വിസ്തീർണം കണക്കാക്കേണ്ടത്.

4. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചേർത്തല ഭാഗ്യക്കുറി സബ് ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള BSNL-ന്റെ ഉടമസ്ഥതയിലുള്ള 2127 ചതുരശ്ര അടി കെട്ടിടം ചരക്കു സേവന നികുതി ഉൾപ്പെടെ പ്രതിമാസം ₹57,727/- (അൻപത്തി ഏഴായിരത്തി എഴുനൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം) നിരക്കിൽ വാടകയ്ക്ക് എടുക്കുന്നതിനും, മൂന്ന് വർഷത്തിലൊരിക്കൽ 15% വാടക വർദ്ധനവ് വരുത്തുന്നതിനുമുള്ള അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANOJ K**

ജോയിന്റ് സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം

2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. ധനകാര്യ വകുപ്പ് (27.09.2025, 11.11.2025 തീയതികളിലെ 2964924/EXP-B1/638/2024-FIN പ്രകാരം)
4. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
5. കരുതൽ ഫയൽ (TAXES-H1/136/2024-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu G
Date: 19-12-2025 11:59:49
സെക്ഷൻ ഓഫീസർ